(ബി) 3750 ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ട്. ഇതിനായി 2,56,25579 രൂപ ചെലവ് വന്നിട്ടുണ്ട്.

(സി) 1996-97 3854-ഉം 1998-99ൽ 4081-ഉം അഫിലിയേഷൻ ഉള്ള ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II -ഉം III-ഉം †ആയി ചേർത്തിരിക്കുന്നു.

184 (1406) ഗ്രന്ഥശാലാ സംഘത്തിന്റെ ബഡ്ജറ്റ്

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാലാ സംഘത്തിന്റെ 96-97, 97-98, 98-99, 99-2000 എന്നീ വർഷങ്ങളിലെ വാർഷിക ബഡ്ജറ്റ് എത്ര വീതമായിരുന്നു;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര; ഏതെല്ലാം ഇനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രന്ഥശാലാ സംഘത്തിന്റെ വരവുചെലവ് കണക്കുകൾ ഏത് വർഷം വരെ ഓഡിറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആരാണ് ഓഡിറ്റ് നടത്തിയ ഏജൻസി എന്ന് വ്യക്തമാക്കുമോ;

(ഡി) 1996 മുതൽ 1999 മാർച്ച് 31 വരെ ടി.എ, ഡി.എ ഇനത്തിൽ ഗ്രന്ഥശാലാ സംഘം എത്ര രൂപ ആർക്കെല്ലാം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1996-97, 97-98, 98-99, 99-2000 വർഷങ്ങളിലെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ വാർഷിക ബഡ്ജറ്റ് യഥാക്രമം 20,50,00,000/ 6,58,34,110/-,10,97,90,787/-13,36,00,450/-, രൂപയായിരുന്നു.

(ബി) 96-97-ൽ 4,13,25,380.30 രൂപയും, 97-98-ൽ 6,69,13,034.49 രൂപയും, 98-99-ൽ 4,74,46,101/- രൂപയും 99-2000(നവംബർ വരെ) 5,25,76,843.90 രൂപയും ചെലവഴിച്ചിട്ടുണ്ട്. ലൈബ്രറികൾക്കുള്ള ഗ്രാന്റ്, താലൂക്ക്, ജില്ല, സ്റ്റേറ്റ് കൗൺസിലുകൾക്കുള്ള ചെലവ് വികസനപ്രവർത്തനങ്ങൾ, പദ്ധതിപ്രവർത്തനങ്ങൾ തുടങ്ങിയ ഇനങ്ങളിലാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്.

(സി) ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ, ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്നീ ഏജൻസികളാണ് ഗ്രന്ഥശാലാ സംഘത്തിൽ (സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ) ഓഡിറ്റ് നടത്തുന്നത്. ഇതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് 96-97 വരെയും, അക്കൗണ്ടന്റ് ജനറൽ 98-99 വരെയും ചാർട്ടേർഡ് അക്കൗണ്ടന്റ്സ് 97-98 വരെയും ഓഡിറ്റ് ചെയ്തിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽനിന്നും ജീവനക്കാർക്കും, ഭരണസമിതി അംഗങ്ങൾക്കും ടി.എ യും, ഡി.എ. യും നൽകുന്നുണ്ട്. ഈ ഇനത്തിൽ 1996 മുതൽ 99 വരെ നൽകിയിട്ടുള്ള തുക സംബന്ധിച്ച് വിവരം അനുബന്ധം ആയി വച്ചിട്ടുണ്ട്.†

185 (1407) പ്രിയദർശിനി പ്ലാനറ്റോറിയത്തിന് അനുവദിച്ച തുക

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാങ്കേതിക മ്യൂസിയത്തിലെ പ്രിയദർശിനി പ്ലാനറ്റോറിയത്തിന് 1998-99, 1999-2000 എന്നീ സാമ്പത്തികവർഷങ്ങളിൽ സംസ്ഥാന സർക്കാർ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച് തുക എത്ര;

(ബി) നടപ്പുവർഷം ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക പ്രസ്തുത സ്ഥാപനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനും പ്ലാനറ്റോറിയത്തിനുംകൂടി 1998-99 വർഷത്തിലേക്ക് മുൻനീക്കുബാക്കി ഗ്രാന്റായി 135 ലക്ഷം രൂപ കൈവശമുണ്ടായിരുന്നു. 1999-2000 വർഷത്തേയ്ക്ക് മൊത്തം 75 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അധികഗ്രാന്റ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

186 (1408) ഏറത്ത് പഞ്ചായത്തിലെ കെ.എ.പി. ഹെഡ്ക്വാർട്ടേഴ്സ് നിർമ്മാണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ ഏറത്ത് പഞ്ചായത്തിൽ കെ.എ.പി മൂന്നാം ബറ്റാലിയന്റെ ഹെഡ്ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ എത്ര തുക കൊള്ളിച്ചിട്ടുണ്ട്;

(ബി) ഈ സ്ഥാപനത്തിന്റെ സ്ഥലമെടുപ്പ് നടന്നത് എന്നാണ്;

(സി) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സിലുള്ള ഭരണാനുമതി എന്നാണ് നൽകിയത്;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ എന്ന് വിളിച്ചു;

(ഇ) കരാർ എന്നാണ് ഉറപ്പിച്ചത്;

(എഫ്) ആരൊക്കെയാണ് കരാറുകാർ എന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തുകൂടി കടന്നുപോകുന്ന പഞ്ചായത്ത് റോഡ് ഉപയോഗശൂന്യമായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ജനങ്ങൾ ദീർഘകാലമായി ഉപയോഗിച്ചിരുന്ന പ്രസ്തുത റോഡ് തടസ്സപ്പെടുന്നതിനാൽ ബദൽ ക്രമീകരണം ചെയ്തുകൊടുക്കാമെന്ന് ജനങ്ങൾക്കും പഞ്ചായത്തിനും ഉറപ്പ് നൽകിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക 10.28 കോടി രൂപയാണ്, അതിൽ 7.5 കോടി രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly